LIBRARY ARCHIVES Kerala Legislative Assembly

യോഗം ചേർന്ന് അട്ടപ്പാടിയിലെ വിവിധ വകപ്പുകളുടെ പ്രവർത്തനം വിലയിരുത്തി പട്ടികവർഗ്ഗക്കാരുടെ സ്ഥായിയായ വികസനത്തിനുള്ള മാർഗ്ഗനിർദ്ദേശം സംസ്ഥാനതല ഉദ്യോഗസ്ഥർക്ക് നൽകിവരുന്നു. ഇതിനുപുറമേ അട്ടപ്പാടിയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ദൗത്യം നിർവ്വഹിക്കുന്നതിന് സ്പെഷ്യൽ ഓഫീസറായ എസ്. സുബ്ബയ്യ, ഐ.എ.എസ്സ് . (റിട്ട)നെ നിയോഗിക്കുകയും ടിയാന്റെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും കൃത്യമായി അട്ടപ്പാടിയിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്തു വരുന്നു.

ഈ മേഖലയിലെ വിവിധ വികസന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി 19-11-2014-ൽ സ.ഉ. (സാധാ) നമ്പർ 3030/2014/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഐ.എ.എസ്സ്. കേഡറിലുള്ള ഒറ്റപ്പാലം സബ്കളക്ടർ ശ്രീ.നൂഹ്.പി.ബി. യെ നോഡൽ ഓഫീസറായും സൈലന്റ് വാലി നാഷണൽ പാർക്ക് വൈൽഡ് ലൈഫ് വാർഡൻ കുമാരി.ശിൽപ്പയെ അട്ടപ്പാടി ബ്ലോക്കിലെ സ്പെഷ്യൽ ഓഫീസറായും നിയമിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

(സി) വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ശിശുമരണം തടയുന്നതിന് നടപടികൾ ഫലപ്രദമായി നടത്തിവരുന്നു.

ആദിവാസി ശിശുമരണ റിപ്പോർട്ട്

336 (676) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ആകെ എത്ര ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഏറ്റവും കൂടുതൽ ശിശുമരണങ്ങൾ ഏത് ആദിവാസി സങ്കേതത്തിലാണെന്നുണ്ടായതെന്ന് വെളിപ്പെടുത്താമോ ;

(സി) അമ്മമാരിലും ശിശുക്കളിലുമുള്ള പോഷകാഹാരക്കുറവും, വൈദ്യസഹായക്കുറവും മൂലമാണ് ശിശുമരണം സംഭവിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഇ) ആദിവാസി മേഖലയിൽ പോഷകാഹാരം നൽകുന്നതിനും, വൈദ്യസഹായം നൽകുന്നതിനും 2014-15 വർഷത്തിൽ എത്ര തുക നീക്കിവച്ചെന്നും ഇതിനകം എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിയുവരെ സംസ്ഥാനത്ത് ആകെ 162 ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) യഥാസമയം ചികിത്സ തേടുന്നതിനും മറ്റും പ്രയാസമുള്ള ഗതാഗത സൗകര്യം കുറഞ്ഞ വിദൂരമായ സങ്കേതങ്ങളിലാണ് ശിശുമരണങ്ങൾ ഉണ്ടായിട്ടുള്ളത്. അട്ടപ്പാടിയിലെ മേലെക്കണ്ടിയൂരിലാണ് ശിശുമരണം കൂടുതൽ ഉണ്ടായിട്ടുള്ളത്.

(സി) പരിശോധിച്ചിട്ടുണ്ട്.

(ഡി) ആദിവാസി മേഖലയിൽ പട്ടികവർഗ്ഗ സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരകുറവ് പരിഹരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഗുരുതരമായ പോഷകാഹാരകുറവ് അനുഭവപ്പെട്ട കുട്ടികളെ പരിചരിക്കുന്നതിന് ഈ മേഖലയിൽ നീ-ഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ വകുപ്പു വഴി വിവാഹിതരായ സ്ത്രീകൾക്ക് അയൺ ഫോളിക് ആസിഡ് ഗുളികയും വിതരണം നടത്തുന്നുണ്ട്. കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷണ ഭക്ഷണ വിതരണം ചെയ്യുന്ന "ശബല പദ്ധതി" സുമഹൃനീതി വകുപ്പിന്റെ സമൂഹ അടുക്കള പദ്ധതി "അമൃതം ന്യൂട്രിമിക്സ്" എന്നിവ വിതരണം ചെയ്യുന്നു. ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 1000-രൂപ വീതം ധനസഹായം അനുവദിക്കുന്ന "ജനനീ ജന്മരക്ഷ" പദ്ധതി നടപ്പാക്കി വരുന്നു. ടി. തുക മണി ഓർഡർ ആയി ഗുണഭോക്താക്കളുടെ കൈകളിൽ തന്നെ എത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാന സർക്കാർ ആദിവാസികളായ സ്ത്രീകളും, കുട്ടികളും, വൃദ്ധരും അനുഭവിക്കുന്ന പോഷകാഹാരകുറവ് ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻ ശീർഷകത്തിൽ നടപ്പുവർഷം 52199 ലക്ഷം രൂപയും നോൺപ്ലാൻ ശീർഷകത്തിൽ 6866 ലക്ഷം രൂപയും 3% പദ്ധതി വിഹിതമായി ലഭിച്ചിട്ടുള്ള 13922 ലക്ഷം രൂപയും ചേർത്ത് ആകെ 72987 ലക്ഷം രൂപ വിവിധ ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ വഴിയും, വകുപ്പിലൂടെയും നടപ്പാക്കുന്ന 84 പദ്ധതികളിലുമായി വിനിയോഗിച്ച് വിവിധ വികസന ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ആദിവാസി മേഖലകളിലെ മാതൃശിശു മരണ നിരക്കും അട്ടപ്പാടി പാക്കേജും

337 (677) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലകളിൽ മാതൃശിശു മരണ നിരക്കുകൾ വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(ബി) അട്ടപ്പാടി പാക്കേജിൽ ശിശുമരണ നിരക്കുകൾ കുറയ്ക്കുന്നതിനും പോഷകാഹാര കുറവ് പരിഹരിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) അട്ടപ്പാടി പാക്കേജ് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിൽ വിവിധ വകുപ്പുകളുടെ അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദഗ്ധ ചികിൽസ ലഭ്യമാക്കുന്നതിന് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയും അടിയന്തരഘട്ടങ്ങളിൽ ചികിൽസയെത്തിക്കുന്നതിന് 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും

LIBRARY ARCHIVES Kerala Legislative Assembly